# AMRITA VIDYALAYAM

## AMRITA PRE BOARD EXAMINATION 1 - 2018 - '19

**Class : X** **Marks : 80**
**Time : 3 hrs**

# മലയാളം

| |
|---|
| This question paper is divided into four sections. |
| Section A : Reading comprehension - 10 marks |
| Section B : Writing - 16 marks |
| Section C : Grammar - 17 marks |
| Section D : Literature - 37 marks |

## എ. വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

വികാരം, വിജ്ഞാനം എന്നിവയുടെ കൂടെ നിൽക്കേണ്ടതാണ് വിചാരം. ചിന്താശീലവും യുക്തികുശലതയും പ്രാസംഗികരിൽ ഒഴിച്ചുകൂടാത്ത ഗുണങ്ങളാണ്. സംസാരിക്കുന്നതിനുമുമ്പ് എന്തിനെക്കുറിച്ച് എങ്ങനെയാണ് താൻ സംസാരിക്കാൻ പോകുന്നതെന്നും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്താണ് താൻ പറയുന്നതെന്നും വ്യക്തമായ ബോധം പ്രാസംഗികനുണ്ടായിരിക്കണമെന്ന് ചിലർ ഉപദേശിക്കാറുണ്ട്. പ്രസംഗത്തിൽ വിചാരശീലത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയുകയാണ് അവർ. പക്ഷേ ജനലക്ഷങ്ങളുടെ ഹൃദയത്തിൽ മിന്നൽ പായിച്ചുകൊണ്ട് വികാരപരകോടിയിലെത്തുന്ന പ്രസംഗങ്ങൾക്ക് ഈ നിയമം ബാധകമല്ല. എന്നാൽ, സാധാരണ പ്രഭാഷണങ്ങളിൽ വിചാരത്തിനും യുക്തി ബോധത്തിനും മാന്യമായ സ്ഥാനമുണ്ട്.

**ചോദ്യങ്ങൾ.** **10**

a) പ്രാസംഗികർക്ക് വ്യക്തമായ ബോധം ഉണ്ടാകേണ്ടത് എന്തിനെക്കുറിച്ചാണ്?
b) വിചാരശീലം പ്രാധനമാണെന്ന നിയമം ബാധകമല്ലാത്തതെന്തിനാണ്?
c) പ്രാസംഗികനുണ്ടായിരിക്കേണ്ട ഗുണങ്ങളേവ?
d) സാധാരണ പ്രഭാഷണങ്ങളിൽ എന്തിനെല്ലാമാണ് മാന്യമായസ്ഥാനമുള്ളത്?
e) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.

## ബി. വിഭാഗം

**2. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ട് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

a) കീടനാശിനികൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ
b) സാമൂഹ്യ മാധ്യമങ്ങളും യുവതലമുറയും
c) ജല സംരക്ഷണവും നമ്മുടെ ഭാവിയും.

**3.** മായം കലർന്ന ഭക്ഷണ സാധനങ്ങൾ നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്ത് തയ്യാറാക്കുക. **8**

## സി. വിഭാഗം

**4. പ്രയോഗം മാറ്റുക.** **2**

a) അർജ്ജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതി സംഹരിച്ചു.

b) കടലാസിലെ വിവരങ്ങൾ പാറാവുകാരനാൽ ഒരിക്കൽ കൂടി ശ്രദ്ധിച്ച് വായിക്കപ്പെട്ടു.

**5. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക.** **2**

a) കാലവർഷക്കാറ്റു വന്ന് ആഞ്ഞടിച്ചാൽ മാവ് ഒടിഞ്ഞു വീഴുന്നത് രാശിപ്പുരയുടെ മേൽ ആണ്.

b) പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.

**6. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** **2**

a) തടവറ b) എത്രയെത്ര

**7. വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക.** **2**

a) കാലവർഷക്കാറ്റ് b) സുന്ദരദൃഷ്ടി

**8. പര്യായപദങ്ങൾ എഴുതുക.** **2**

a) യതി b) രഥം

**9. നാനാർത്ഥങ്ങൾ എഴുതുക.** **2**

a) സമയം b) ലേഖം

**10. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2**

a) ഞങ്ങൾ രണ്ടുപേരും പുറകിലത്തെ പിൻസീറ്റിലായിരുന്നു

b) കാലാവധി കഴിഞ്ഞാൽ ഉത്തരക്കടലാസ് വീണ്ടും പുനഃപരിശോധിക്കുന്ന പതിവില്ല.

**ബ്രായ്ക്കറ്റിൽ നിന്നു ശരിയായ ഉത്തരം എടുത്തെഴുതുക.**

**11. വിപരീതപദം എഴുതുക.** **1**

a) അവസരം (നിരവസരം, അനവസരം, ദുരവസരം)

b) ശ്രേഷ്ഠം (ആകൃഷ്ടം, ഉന്നതം, അധമം)

**12. അർത്ഥവ്യത്യാസം എഴുതുക.** **1**

a) ഋണം – തൃണം (കടം, ലജ്ജ. പുല്ല്, മുറിവ്)

b) ഭവനം – ഭുവനം (ലോകം, കാലം, വീട്, കലം)

**13. എതിർലിംഗം എഴുതുക.** **1**

a) കവി (കവയിത്രി, കവിയിത്രി, കവിയത്രി)

b) ഭവാൻ (ഭവതി, ഭഗവതി, ഭഗവാൻ)

## ഡി. വിഭാഗം

**14. ബ്രായ്ക്കറ്റിൽ നിന്നു ശരിയായ ഉത്തരം എടുത്തെഴുതുക.** **5**

a) മനസ്താപമുണ്ടാകുന്നത് എന്തുകൊണ്ടാണ്?
(അവിദ്യമൂലം, ക്രോധം മൂലം, മോഹം മൂലം)

b) "തൊട്ടുവായിച്ചാലശുദ്ധമെന്നോതി നീ"– ഇവിടെ "നീ" സൂചിപ്പിക്കുന്നതാരെയാണ്?
(അമ്മ, മകൾ, ഭാര്യ, മകൻ)

c) വയലാർ രാമവർമ്മ രചിച്ച ഖണ്ഡകാവ്യം ഏത്?
(കല്ല്യാണസൗഗന്ധികം, മുളങ്കാട്, ആയിഷ)

d) മങ്ങിപ്പഴകിയ പിഞ്ഞാണ വർണമായ് കാണപ്പെട്ടതെന്ത്?
(കൈച്ചുള്ളികൾ, കണ്ണുകൾ, മുഖം)

e) നളിനിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു?
(ദിവാകരദർശനം, സന്യാസജീവിതം, ഗൃഹസ്ഥജീവിതം)

f) ഏത് പാലക്കാടൻ ഗ്രാമമാണ് ഖസാക്കിന്റെ ഇതിഹാസത്തിലെ 'ഖസാക്ക്' ആയി മാറിയത്?
(ആലത്തൂർ, തസ്രാക്ക്, തിരുനെല്ലായി)

g) അശ്വത്ഥാമാവ് എന്തിന്റെ പ്രതീകമാണ്?
(സ്നേഹം, ദയ, പക)

h) താഴെപ്പറയുന്നവയിൽ എസ്.കെ. പൊറ്റക്കാടിന്റെ നോവൽ ഏത്?
(ഒരു തെരുവിന്റെ കഥ, ഇന്ദ്രനീലം, ചന്ദ്രകാന്തം)

i) ശരൺകുമാർ ലിംബാളെ ഏതു ഭാഷയിലെ സാഹിത്യകാരനാണ്?
(മലയാളം, മറാഠി, ബംഗാളി, ഹിന്ദി)

j) കവിഭാവനയെ ഏറ്റവും കൂടുതൽ ഉദ്ദീപ്തവും ഉന്മത്തവുമാക്കിയിട്ടുള്ള ബഹുമതി ഏത് വൃക്ഷത്തിന് അവകാശപ്പെട്ടതാണ്?
(അശോകം, ഇലഞ്ഞി, മാവ്, ആല്)

**15. ഉത്തരം എഴുതുക.** **24**

a) വെള്ളായിയപ്പൻ നിരക്ഷരനാണ്. എന്നാൽ സ്ഥലകാലങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നു. വിശദീകരിക്കുക.

b) ദുര്യോധനനിൽ കാണുന്ന ആദരണീയ ഗുണങ്ങളായി കുട്ടിക്കൃഷ്ണമാരാർ ചൂണ്ടിക്കാട്ടുന്നത് എന്തെല്ലാം?

c) തന്റെ വാക്കുകൾക്ക് ആളുകളെ സ്വാധീനിക്കാൻ കഴിവുണ്ടെന്ന് എസ്.കെ. മനസ്സിലാക്കിയതെങ്ങനെ?

d) മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്ര മുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ ? വിശദമാക്കുക.

e) “ആരു തേടുക ? നാളെ നമ്മുടെ കുട്ടികൾ –
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ”?
പൊരുൾ കണ്ടെത്തുക.

f) “അമ്മത്തൊട്ടിൽ” എന്ന കവിതയുടെ പ്രസക്തി വിശദീകരിക്കുക.

**16. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **8**

a) ചട്ടമ്പിസ്വാമിയുടെ ജനനത്തെക്കുറിച്ചും കുടുംബ പശ്ചാത്തലത്തെക്കുറിച്ചും ലഘുവിവരം തയ്യാറാക്കുക.

b) ചട്ടമ്പി സ്വാമികൾക്ക് വിദ്യാധിരാജൻ എന്ന പേര് ലഭിച്ചതെങ്ങനെ?

c) വിജ്ഞാന ദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പി സ്വാമികളെ വിശേഷിപ്പിക്കുന്നതെന്തു കൊണ്ട്?